# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.04.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) കേരളം, പുതുച്ചേരി, അസം നിയമസഭ തിരഞ്ഞെടുപ്പുകളിൽ കനത്ത പോളിങ്ങ് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെണ്ണൽ മെയ് നാലിന്.

   Heavy polling was recorded in the Kerala, Puducherry, and Assam assembly elections. The counting of votes will take place on **May 4th**.

2) പശ്ചിമബംഗാളിൽ രണ്ടാംഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്. തമിഴ്നാട്ടിലും, പശ്ചിമബംഗാളിലും പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ.

   Scrutiny of nominations for second phase of elections in West Bengal to be held today. Political parties have intensified their campaigning in Tamil Nadu and West Bengal.

3) കേന്ദ്ര സായുധ പോലീസ് സേന (പൊതുഭരണ) നിയമം 2026 വിജ്ഞാപനം ചെയ്ത് കേന്ദ്ര സർക്കാർ.

   Government has notified the Central Armed Police Forces (General Administration) Act, 2026.

4) സെൻസസ് നടപടികളുടെ ആദ്യ ഘട്ടത്തിൽ രാജ്യത്ത് ഇതുവരെ അഞ്ച് ലക്ഷത്തി 72 ആയിരത്തിലധികം കുടുംബങ്ങൾ സെൽഫ് എന്യൂമെറേഷൻ സൗകര്യം പ്രയോജനപ്പെടുത്തിയതായി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ.

More than five lakh 72 thousand households have availed the Self-Enumeration facility so far during the first phase of the Census 2027.

5) ഇറാനുമായുള്ള നിലവിലെ വെടിനിർത്തലിൽ ആശങ്ക അറിയിച്ച് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതം സംബന്ധിച്ച നിബന്ധനകൾ ഇറാൻ പാലിക്കുന്നില്ലെന്ന് ആരോപണം.

US President Donald Trump has raised concerns over the effectiveness of the ongoing ceasefire linked to the Iran conflict, alleging that Iran is not adhering to agreed terms regarding the flow of oil through the Strait of Hormuz.

6) ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും

In IPL Cricket Rajasthan Royals will take on the Royal Challengers Bengaluru today.

************

## KERALA -Puducherry Election

നിയമസഭ തിരഞ്ഞെടുപ്പിൽ കേരളത്തിൽ 78.27 ശതമാനം പോളിങ്. 140 നിയമസഭ മണ്ഡലങ്ങളിലായി ഇന്നലെ നടന്ന വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. 81.36 ശതമാനം പോളിങ്ങ് രേഖപ്പെടുത്തിയ കോഴിക്കോട് ജില്ലയിലാണ് വോട്ടിങ്ങ് ഏറ്റവും കൂടുതൽ. പാലക്കാട് ജില്ലയാണ് തൊട്ടുപിന്നിൽ. 70.76 ശതമാനം പോളിങ് രേഖപ്പെടുത്തിയ പത്തനംതിട്ടയിലാണ് വോട്ടിങ്ങ് ശതമാനം ഏറ്റവും കുറവ് . എറണാകുളം, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ 79

ശതമാനത്തിന് മുകളിലും, കണ്ണൂർ, വയനാട് ജില്ലകളിൽ 78 ന് മുകളിലും, തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, തൃശൂർ ജില്ലകളിൽ 77 ശതമാനത്തിനും മുകളിൽ പോളിങ്ങ് രേഖപ്പെടുത്തി. കൊല്ലം ജില്ലയിൽ 76 ന് മുകളിലും കോട്ടയത്ത് 74.77 ശതമാനവുമാണ് പോളിങ്ങ്. അന്തിമ കണക്കുകൾ ഇനിയും ഉയരാൻ സാധ്യതയുണ്ടെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. 2021 ലെ നിയമസഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 76 ആയിരുന്നു വോട്ടിംഗ് ശതമാനം. പോളിങ്ങ് ശതമാനത്തിലെ വർദ്ധന ആർക്ക് ഗുണകരമാകും എന്ന വിലയിരുത്തലിലാണ് മുന്നണികൾ. കേരളത്തിന് പുറമേ ഇന്നലെ വോട്ടെടുപ്പ് നടന്ന അസമിൽ 85.91 ശതമാനവും, പുതുച്ചേരിയിൽ 89.87 ശതമാനവുമാണ് പോളിങ്ങ് നിരക്ക്. കേരളം ഉൾപ്പടെ തിരഞ്ഞെടുപ്പ് നടക്കുന്ന എല്ലായിടത്തും അടുത്ത മാസം നാലിനാണ് വോട്ടെണ്ണൽ. പോളിങ് നടപടികൾ പൂർത്തിയാക്കി സ്വീകരണ കേന്ദ്രങ്ങളിൽ എത്തിച്ച ബാലറ്റ് യൂണിറ്റുകൾ സട്രോങ് റൂമുകളിൽ കനത്ത സുരക്ഷയിലാണ് സൂക്ഷിക്കുന്നത്. വോട്ടിംഗ് യന്ത്രങ്ങൾ സൂക്ഷിക്കുന്ന സ്ട്രോങ്ങ് റൂമുകൾക്ക് കേന്ദ്രസേനയെയും സായുധ സേനയെയും ലോക്കൽ പോലീസിനെയും ഉൾപ്പെടുത്തി മൂന്ന് തട്ടുകളിലുള്ള സുരക്ഷാ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

************

## Model code of conduct (INTRO)

സംസ്ഥാനത്ത് വോട്ടെടുപ്പു പൂർത്തിയായെങ്കിലും മാതൃകാ പെരുമാറ്റച്ചട്ടം തുടരും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(voice)

************

## TAMILNADU - NOMINATION

പശ്ചിമബംഗാളിൽ രണ്ടാംഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷമ പരിശോധന ഇന്ന് നടക്കും. ഒന്നാംഘട്ട തിരഞ്ഞെടുപ്പിനായുള്ള പത്രിക പിൻവലിക്കാനുള്ള അവസാന ദിനം ഇന്നലെയായിരുന്നു. ഈ മാസം 23, 29 തീയതികളിലാണ് പശ്ചിമബംഗാളിൽ വോട്ടെടുപ്പ്. ഈ മാസം 23 ന് വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. ഇരു സംസ്ഥാനങ്ങളിലും പ്രമുഖ നേതാക്കളെയടക്കം എത്തിച്ച് പ്രചാരണം ഊർജ്ജിതമാക്കിയിരിക്കുകയാണ് രാഷ്ട്രീയ പാർട്ടികൾ.

************

## PREZ - CAPFs BILL

കേന്ദ്ര സായുധ പോലീസ് സേന (പൊതുഭരണ) നിയമം 2026 വിജ്ഞാപനം ചെയ്ത് കേന്ദ്ര സർക്കാർ. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്നലെ ബില്ലിന് അംഗീകാരം നൽകിയിരുന്നു. ഉദ്യോഗസ്ഥരുടെ നിയമനം, സേവന വ്യവസ്ഥകൾ എന്നിവയിൽ നിലനിൽക്കുന്ന വൈരുധ്യങ്ങൾ ഒഴിവാക്കി ഇവ ഏകീകരിക്കുകയാണ് നിയമത്തിന്റെ ലക്ഷ്യം.

************

## JAISHANKAR MAURITIUS ( INTRO )

ഇന്ത്യയും മൗറീഷ്യസും തമ്മിലുള്ള പങ്കാളിത്തം മികച്ച പുരോഗതി കൈവരിച്ചതായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. പോർട്ട് ലൂയിസിൽ മൗറീഷ്യസ് പ്രധാനമന്ത്രി നവിൻ രാംഗൂലവുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമുദ്ര സഹകരണം, വികസന പങ്കാളിത്തം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകൾ ചർച്ച ചെയ്തതായി ശ്രീ ജയശങ്കർ അറിയിച്ചു.

(ഹോൾഡ് വോയിസ് )

മൗറീഷ്യസിൽ ഇന്നാരംഭിക്കുന്ന ഒമ്പതാമത് ഇന്ത്യൻ ഓഷ്യൻ കോൺഫറൻസിലും ശ്രീ ജയശങ്കർ പങ്കെടുക്കും. പര്യടനത്തിൻറെ

രണ്ടാം പാദത്തിൽ വിദേശകാര്യ മന്ത്രി, നാളെ യു.എ.ഇ, സന്ദർശിക്കും.

************

## VIKRAM MISRI - USA

പാക്സ് സിലിക്ക'കൂട്ടായ്മക്ക് കീഴിൽ നിർമ്മിത ബുദ്ധി, നിർണ്ണായക ധാതുക്കൾ തുടങ്ങിയ മേഖലകളിലെ സാമ്പത്തിക-സാങ്കേതിക സഹകരണം വർദ്ധിപ്പിക്കാൻ ഇന്ത്യയും അമേരിക്കയും ധാരണയായി. വാഷിംഗ്ടണിൽ വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയും യുഎസ് അണ്ടർ സെക്രട്ടറി ജേക്കബ് എസ് ഹെൽബെർഗും തമ്മിൽ നടത്തിയ ചർച്ചയിലാണ് ഈ തീരുമാനം. അമേരിക്കൻ സുരക്ഷാ ഏജൻസി എഫ്.ബി.ഐ യുടെ ഡയറക്ടർ കാഷ് പട്ടേലുമായും ശ്രീ വിക്രം മിസ്രി വാഷിംഗ്ടണിൽ ചർച്ച നടത്തി. ഭീകരവാദം, സംഘടിത കുറ്റകൃത്യങ്ങൾ, മയക്കുമരുന്ന് കടത്ത് എന്നിവ നേരിടുന്നതിലെ ഉഭയകക്ഷി സഹകരണത്തെക്കുറിച്ച് ഇരുവരും ആശയങ്ങൾ പങ്കുവച്ചതായി യുഎസിലെ ഇന്ത്യൻ എംബസി അറിയിച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി അമേരിക്കയിലെത്തിയ വിക്രം മിസ്രി ഇതിനോടകം യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ ഉൾപ്പെടെയുള്ള പ്രമുഖരുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്.

************

## CENSUS - SELF ENUMERATION

സെൻസസ് - 2027 നടപടികളുടെ ആദ്യ ഘട്ടത്തിൽ രാജ്യത്ത് ഇതുവരെ അഞ്ച് ലക്ഷത്തി 72 ആയിരത്തിലധികം കുടുംബങ്ങൾ 'സെൽഫ് എന്യൂമെറേഷൻ സൗകര്യം പ്രയോജനപ്പെടുത്തിയതായി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ . കർണാടക, ഗോവ, ലക്ഷദ്വീപ് ഉൾപ്പെടെ 11 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് നിലവിൽ 'സെൽഫ് എന്യൂമെറേഷൻ നടക്കുന്നത് . ഏപ്രിൽ ഒന്നിന് ആരംഭിച്ച ഈ സൗകര്യം ഈ മാസം 15 വരെ ലഭ്യമാകും. വീട് പട്ടികപ്പെടുത്തലും ഭവന സെൻസസും ഈ മാസം 16 മുതൽ മെയ് 15 വരെയും

ജനസംഖ്യാ കണക്കെടുപ്പ് അടുത്ത വർഷം ഫെബ്രുവരിയിലുമാണ് നടക്കുക.

************

## INTER MINISTERIAL-BRIEFING

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്ത് മരുന്നുകളുടെ തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ സംയോജിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് കേന്ദ്ര ഫാർമസ്യൂട്ടിക്കൽസ് വകുപ്പ് ജോയിന്റ് സെക്രട്ടറി സത്യപ്രകാശ് ടി.എൽ. ആഗോള വിതരണ ശൃംഖലകളിൽ തടസം നേരിട്ടെങ്കിലും രാജ്യത്ത് മരുന്നുകളുടെ വിലയിൽ വലിയ വർധന ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം വ്യക്തമാക്കി.

************

## ISRAEL-LEBANON-TRUMP

ഇറാനുമായുള്ള നിലവിലെ വെടിനിർത്തലിൽ , യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ആശങ്ക അറിയിച്ചു. ഹോർമുസ് കടലിടുക്കിലൂടെയുള്ള കപ്പൽ ഗതാഗതം സംബന്ധിച്ച നിബന്ധനകൾ ഇറാൻ പാലിക്കുന്നില്ലെന്ന് അദ്ദേഹം ആരോപിച്ചു. കടലിടുക്കിലൂടെ ടാങ്കറുകൾ കടത്തിവിടുന്നതിന് ഇറാൻ ഫീസ് ഈടാക്കുന്നതിനെതിരെയും ട്രംപ് മുന്നറിയിപ്പ് നൽകി. രണ്ടാഴ്ചത്തെ വെടിനിർത്തൽ പ്രഖ്യാപനം ഉണ്ടായതിനെ തുടർന്ന് മേഖലയിൽ പുതുതായി ആക്രമണ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നാണ് ലഭിക്കുന്ന വിവരം. അതേസമയം ലെബനനിൽ ഇസ്രായേൽ നടത്തുന്ന ആക്രമണങ്ങളിൽ മരണം, 303 ആയി. ഹിസ്ബുള്ളയ്ക്കെതിരെ ആക്രമണം തുടരുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു വ്യക്തമാക്കി. ലെബനനുമായി നേരിട്ടുള്ള ചർച്ചകൾ എത്രയും വേഗം ആരംഭിക്കാൻ മന്ത്രിസഭയ്ക്ക് നിർദ്ദേശം നൽകിയതായും നെതന്യാഹു അറിയിച്ചു.

************

## RBI-DIGITAL FRAUD

ഡിജിറ്റൽ തട്ടിപ്പുകൾ തടയുന്നതിനുള്ള കൂടുതൽ നടപടികൾ ഉൾക്കൊള്ളുന്ന പ്രബന്ധം, റിസർവ് ബാങ്ക് പുറത്തിറക്കി. ആർബിഐയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി, അടുത്ത മാസം 8 വരെ ഇത് സംബന്ധിച്ച അഭിപ്രായങ്ങൾ അറിയിക്കാം. 2025 ൽ 22,931 കോടി രൂപയുടെ 28 ലക്ഷത്തോളം സൈബർ തട്ടിപ്പുകൾ രാജ്യത്ത് റിപ്പോർട്ട് ചെയ്തതായി നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ വ്യക്തമാക്കുന്നു. തട്ടിപ്പുകൾ തടയുന്നതിന് നാല് അധിക നടപടികളാണ് ആർബിഐ നിർദ്ദേശിച്ചിരിക്കുന്നത്. 10,000 രൂപയിൽ കൂടുതലുള്ള ഡിജിറ്റൽ പേയ്മെന്റ് പൂർത്തിയാക്കുന്നതിന് ഒരു മണിക്കൂർ സമയം ഏർപ്പെടുത്താനുള്ള നിർദ്ദേശമാണ് ഇതിലൊന്ന്. ഈ സമയപരിധിക്കിടെ പണമിടപാട് റദ്ദാക്കാനുള്ള സൗകര്യവും അനുവദിക്കും. മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ എന്നിവർക്ക്, പണമിടപാടിലെ അധിക സുരക്ഷയ്ക്കായി വിശ്വസ്ത വ്യക്തിയെ നിർദ്ദേശിക്കാനുള്ള വ്യവസ്ഥയും റിസർവ് ബാങ്ക് മുന്നോട്ട് വയ്ക്കുന്നു. അക്കൗണ്ട് ഉടമകൾക്ക് വ്യത്യസ്ത ഡിജിറ്റൽ പണമിടപാടുകൾക്കുള്ള പരിധി സ്വന്തമായി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥയും ഇതിലുൾപ്പെടുന്നു.

************

## HOLIDAY

അംബേദ്കർ ജയന്തി പ്രമാണിച്ച് കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഈ മാസം 14 ന് അവധി. ഇതു സംബന്ധിച്ച് കേന്ദ്രസർക്കാർ ഉത്തരവിറക്കി.

************

## IPL

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. ഗുവാഹത്തി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

ഇന്നലെ നടന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 3 വിക്കറ്റിന് പരാജയപ്പെടുത്തി.

************

## ISL FOOTBALL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, സ്പോർട്ടിങ് ഡൽഹിയെയും, ഗോവ, ഒഡീഷയെയും നേരിടും. വൈകുന്നേരം 5 മണിക്കും 7.30 നുമാണ് മത്സരങ്ങൾ.

************

*********

***